600	671.67

39 (1771) പുതിയതായി അനുവദിച്ച ബാറുകൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര വിദേശമദ്യബാറുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അത് എവിടെയൊക്കെയാണെന്നും ആരൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) അനുവദിക്കപ്പെട്ട ബാറുകളിൽ കോടതിയുടെ നിർദ്ദേശം ഇല്ലാതെ ഗവൺമെന്റ് അനുവദിച്ച ബാറുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) അത് ആർക്കൊക്കെയാണെന്നും എവിടെയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 3 സ്റ്റാറോ അതിനുമുകളിലോ ക്ലാസിഫിക്കേഷൻ ലഭിച്ചിട്ടുള്ള 10 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നല്കിയിട്ടുണ്ട്.

(ബി) 1. ടാജ്റസിഡൻസി, മാനേജർ, എറണാകുളം

2. റവന്യൂ റീജന്റ്, -ഒ.ടി. അലക്സാണ്ടർ, എറണാകുളം

3. ഹോട്ടൽ ടാജ്ഗാർഡൻ, മാനേജർ, വർക്കല

4. ടാജ്റിട്രീറ്റ്, മാനേജർ, കുമരകം

5. കാസിനോ ഗ്രൂപ്പ്, കോക്കനാട്ട് ലഗൂൺ, , എക്സിക്യൂട്ടീവ് ഡയറക്ടർ, കുമരകം

6. ടാജ്മലബാർ, മാനേജർ, കോഴിക്കോട്,

7. മലബാർ പാലസ്, മാനുവേൽസൺസ്, കോഴിക്കോട്

8. ടാജ്ഗാർഡൻസ്, മാനേജർ, തേക്കടി

9. എക്സിക്യൂട്ടീവ് ഡയറക്ടർ, സ്പൈസ് വില്ലേജ്, തേക്കടി

10. ദി റിനയസൺസ്, കൃഷ്ണദാസ്, കൃഷ്ണലാൽ, കൊച്ചി.

(സി) ഒമ്പത് എണ്ണം.

(ഡി) 1. മാനേജർ, ടാജ്റസിഡൻസി, എറണാകുളം

2. മാനേജർ, ഹോട്ടൽടാജ്ഗാർഡൻ, വർക്കല

3. മാനേജർ, ഹോട്ടൽടാജ്റിട്രീറ്റ്, കുമരകം

4. എക്സിക്യൂട്ടീവ് ഡയറക്ടർ, കാസിനോഗ്രൂപ്പ്, കോക്കനട്ട് ലഗൂൺ, കുമരകം

5. മാനേജർ, ടാജ്മലബാർ, കോഴിക്കോട്.

6. മാനുവേൽസൺസ്, മലബാർപാലസ്, കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

7. മാനേജർ, ടാജ്ഗാർഡൻസ്, തേക്കടി

8.എക്സിക്യൂട്ടീവ് ഡയറക്ടർ, സ്പൈസ്-വില്ലേജ്, തേക്കടി

9. കൃഷ്ണലാൽ, കൃഷ്ണദാസ്,ദി റിനയസൺസ്, കൊച്ചി.

40 (1772) വിദേശമദ്യഷാപ്പുകളുടെ ലേലം

<u>ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വിദേശമദ്യഷാപ്പുകൾ ലേലം ചെയ്യുന്നത് എത്ര വർഷത്തേക്ക് ആണെന്ന് വ്യക്തമാക്കുമോ;

(ബി) ഏറ്റവും ഒടുവിലായി വിദേശമദ്യഷാപ്പ് ലേലം നടന്നത് ഏതു വർഷമാണ്;

(സി) ഓരോ ജില്ലയിലേയും ലേലസംഖ്യ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഷാപ്പുലേലം ഒന്നിൽ കൂടുതൽ വർഷത്തേക്ക് ആണെങ്കിൽ ഏതൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ്; ലേലം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു വർഷത്തേക്ക്

(ബി) 1999-2000 വർഷം

(സി) 1999-2000 വർഷത്തെ വിദേശമദ്യഷാപ്പുകളുടെ ജില്ല തിരിച്ചുള്ള ലേലത്തുക താഴെ പറയുന്ന പ്രകാരമാണ്.

<u>ജില്ല</u>	<u>തുക</u>
തിരുവനന്തപുരം	11,67,93,100
കൊല്ലം	10,53,57,112
പത്തനംതിട്ട	3,54,53,000
ആലപ്പുഴ	10,12,34,010
കോട്ടയം	6,25,69,600
ഇടുക്കി	3,44,48,882
എറണാകുളം	20,60,31,681
തൃശ്ശൂർ	10,51,81,000
പാലക്കാട്	9,73,32,000
മലപ്പുറം	4,75,00,551
കോഴിക്കോട്	8,60,02,200
വയനാട്	3,59,84,000
കണ്ണൂർ	5,43,41,000
കാസർഗോഡ്	2,01,57,000

(ഡി) വിദേശമദ്യഷാപ്പുകൾ ഒന്നിൽ കൂടുതൽ വർഷത്തേക്ക് ലേലം ചെയ്യുന്നില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly